# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറുവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.11/830/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറുവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.11/830/2022 തീയ്യതി: 31/05/2022

## മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 20-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ .പി., ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി.എം.,അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസഫ്.പി.,അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. ഷജീർ.കെ, സിനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| യൂസഫ്.എം.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരവിന്ദൻ.പി | സെക്രട്ടറി | 01-04-2019 | 27-04-2019 |
| | | 13-05-2019 | 26-05-2019 |
| | | 15-07-2019 | 21-07-2019 |
| | | 07-11-2019 | 19-11-2019 |
| | | 04-12-2019 | 16-12-2019 |
| സുബൈദ ഭായി | സെക്രട്ടറി | 28-04-2019 | 12-05-2019 |
| | | 27-05-2019 | 14-07-2019 |
| ജയശ്രീ.ആർ | സെക്രട്ടറി | 22-07-2019 | 06-11-2019 |
| | | 20-11-2019 | 03-12-2019 |
| | | 17-12-2019 | 09-02-2020 |
| | | 17-02-2020 | 31-03-2020 |
| മുരളീധരൻ പുന്നക്കുഴി | സെക്രട്ടറി | 10-02-2020 | 16-02-2020 |
| അരവിന്ദൻ.പി | അസി.സെക്രട്ടറി | 01-04-2019 | 08-10-2019 |
| ഷേർളി ജോർജ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ജോൺസൺ പി സി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷുഹൈബ് തൊട്ടിയൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| Dr.സൈഫുദ്ധീൻ. പി | വെറ്ററിനറി സർജൻ | 01-04-2019 | 07-08-2019 |
| Dr.വിശാഖ് വിശ്വം | വെറ്ററിനറി സർജൻ | 08-08-2019 | 31-03-2020 |
| Dr. പ്രസന്നകുമാർ, | മെഡിക്കൽ ഓഫീസർ പി.എച്.സി | 01-04-2019 | 31-03-2020 |
| Dr. ഉഷാവത്ത്, | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീമതി. ദാക്ഷായണി | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| Dr. സുമയ്യ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 02-06-2019 |
| Dr. ഹൈദറലി | മെഡിക്കൽ ഓഫീസർ ഹോമിയോ | 03-06-2019 | 31-03-2020 |
| ശ്രീമതി.നസീമ. കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഉഷാദേവി.കെ | വി.ഇ.ഒ | 01-04-2019 | 30-11-2019 |
| ശ്രീ. ലെനിൻ പീറ്റർ | വി.ഇ.ഒ | 01-12-2019 | 31-03-2020 |
| അരവിന്ദൻ.പി | അസി.സെക്രട്ടറി | 09-10-2019 | 24-12-2019 |

| | | | |
|---|---|---|---|
| മുരളീധരൻ പുന്നക്കുഴി | അസി.സെക്രട്ടറി | 25-12-2019 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 24-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 24-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 24-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 24-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Shajeer.K (Senior Grade Auditor, On 24-03-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-10 |
| 11 | വാർഷിക കണക്ക്- അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 31-03-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 31-03-2022) | 1-11-1 |
| 13 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-12 |
| 14 | GST കുറവ് ചെയ്തില്ല.<br>Written By: Shajeer.K (Senior Grade Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 01-04-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 01-04-2022) | 1-14 |
| 16 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-15 |
| 17 | നികുതി നിർണ്ണയത്തിലെ അപാകത<br>Written By: Shajeer.K (Senior Grade Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-16 |

| | | |
|---|---|---|
| 18 | കരുവൻ കുഴി കുളം പുനരുദ്ധാരണം – അളവ് പുസ്തകപ്രകാരമുള്ള ഇനം ചെയ്തില്ല – കരാറുകാരന് അധികം നൽകിയത് 13279 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Rishil.P (Audit Officer, On 01-04-2022) | 1-17 |
| 19 | കെ.കെ.അങ്ങാടി അംഗൻവാടി നവീകരണം- – അളവ് പുസ്തക പ്രകാരമുള്ള ഇനം ചെയ്തില്ല-കരാറുകാരന് അധികം നൽകിയത് 12213 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-18 |
| 20 | കുടുംബശ്രീ വനിതാ കാന്റീൻ ആധുനികവൽക്കരണം – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ചു-കരാറുകാരന് അധികം നൽകിയത് 12235 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-19 |
| 21 | റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി-നഷ്ടം 2885 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-20 |
| 22 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 9267 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-21 |
| 23 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-22 |
| 24 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-23 |
| 25 | ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ വച്ചിട്ടില്ല.<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Rishil.P (Audit Officer, On 01-04-2022) | 1-24 |
| 26 | പാങ്ങ് GUPS സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം - ബില്ലിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-25 |
| 27 | ഭ്രാന്തൻ കാവ് എസ്.സി കോളനി ഭവന സുരക്ഷ – പ്രവൃത്തി സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം-ചെലവ് തുക തടസ്സം ചെയ്യുന്നു<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-26 |
| 28 | വിദ്യാഭ്യാസ മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല.<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-27 |
| 29 | ഭിന്ന ശേഷിക്കാർക്ക് കലാകായിക മത്സരം- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-28 |
| 30 | പഞ്ചായത്ത് ക്യാബിൻ ചെയ്യൽ പ്രവൃത്തി -അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 10,81,584 രൂപ തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-29 |
| 31 | ഓഫീസ് നവീകരണം രണ്ടാം ഘട്ടവും റെക്കോർഡ് റൂം,മീറ്റിംഗ് ഹാൾ | 1-30 |

| | | |
|---|---|---|
| | എന്നിവ സജ്ജീകരിക്കലും പദ്ധതി -അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 19,99,117 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | |
| 32 | സ്വകാര്യ വാഹനം വാടകക്ക് എടുത്തത്- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-31 |
| 33 | കുടിവെള്ളം വിതരണം -അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 10,35,256 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-32 |
| 34 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Shajeer.K (Senior Grade Auditor, On 01-04-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 01-04-2022) | 1-33 |
| 35 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 9,99,690 രൂപ തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-34 |
| 36 | ഫെസ്റ്റിവൽ അഡ്വാൻസ് മുഴുവൻ തുകയും തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-35 |
| 37 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 01-04-2022) | 1-36 |
| 38 | രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 7,32,128 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-36-1 |
| 39 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 01-04-2022) | 1-36-2 |
| 40 | രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 7,59,800 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-36-3 |
| 41 | രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 2,10,000രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-36-4 |
| 42 | കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ - ഗുണഭോക്താക്കളുടെ കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ ചെലവ് തുക30,000 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-37 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | കരുവൻ കുഴി കുളം പുനരുദ്ധാരണം – അളവ് പുസ്തകപ്രകാരമുള്ള ഇനം ചെയ്തില്ല – കരാറുകാരന് അധികം നൽകിയത് 13279 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Rishil.P (Audit Officer, On 01-04-2022) | 3-1 |
| 2 | കെ.കെ.അങ്ങാടി അംഗൻവാടി നവീകരണം- – അളവ് പുസ്തകപ്രകാരമുള്ള ഇനം ചെയ്തില്ല-കരാറുകാരന് അധികം നൽകിയത് 12213 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 3-2 |
| 3 | കുടുംബശ്രീ വനിതാ കാന്റീൻ ആധുനികവൽകരണം – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ചു-കരാറുകാരന് അധികം നൽകിയത് 12235 രൂപ<br>Written By: Rishil.P (Audit Officer, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 31-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-03-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-8 |
| 9 | ചാർജ്,സർചാർജ് നടപടികളുടെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 30-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shajeer.K (Senior Grade Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തീയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/ 6.02.2019 | 2(1)/ 17.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 14.05.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 52271922 |
| വരവ് | 75163501 |
| ആകെ | 127435423 |
| ചെലവ് | 78898613 |
| നീക്കിയിരിപ്പ് | 48536810 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20750752 | 20750752 | 16658558 | 4092194 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6313488 | 6313588 | 3286512 | 3027076 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12533000 | 12533000 | 6519589 | 6013411 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6476000 | 6476000 | 3807137 | 2668863 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 16862157 | 16862157 | 8667344 | 8194813 |
| ബി ഫണ്ട് | 0 | 29700227 | 29700227 | 29700227 | 0 |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 294 | 121139080 | 144 | 63426574 | 126 | 24 | 48.97 |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 175 | 1179534 | 1179709 | 1179709 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16701451 | 16701451 | 16701451 | 0 |

കുറിപ്പ്: സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 67,57,667 രൂപ കാപ്പിറ്റൽ ചെലവുണ്ട്. ആയത് കുറച്ച് 1,09,43,784 രൂപയാണ് I-6 ഷെഡ്യൂളിൽ ഉൾപ്പെടേണ്ടിയിരുന്നത്. എന്നാൽ ഷെഡ്യൂളിൽ 1,63,57,126 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 29640 | 20 |
| കർഷകതൊഴിലാളി വേതനം | 1818000 | 336 |
| വിധവാ പെൻഷൻ | 10352400 | 1793 |
| വാർദ്ധക്യകാല പെൻഷൻ | 13560300 | 2286 |
| വികലാംഗ പെൻഷൻ | 3196100 | 557 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിൽ.....സഹായം | 248400 | 41 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മുൻ ദിവസത്തെ കളക്ഷൻ തുക അന്നേ ദിവസം തന്നെ ബാങ്കിൽ അടവാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

2. വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ, ഫയൽ പരിപാലിക്കുന്നില്ല.

3.മെഡിക്കൽ ഓഫീസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (ഹോമിയോ), ഹെഡ്മാസ്റ്റർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ സബ്സിഡയറി കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

4. ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായതും പ്രവർത്തനരഹിതമായതും കണ്ടെത്തി ഈയിനത്തിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/2/22, 22/2/22 | 1/1/2022-31 /1/2022 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 27/6/2013 | 1997-98 മുതൽ 2007-08 വരെ | 13-4-2015 |

## 1-11 വാർഷിക കണക്ക്- അപാകതകൾ

1). 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ,62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2). General Ledger Trial Balance-ൽ വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകൾക്ക് ഒരേ ഇനങ്ങൾക്ക് Credit, Debit

സൈഡിൽ ക്ലോസിംഗ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

3).Head Of Account 340109901 (Other Deposits) ബാലൻസ് (ഷെഡ്യൂൾ B-7) വാർഷിക കണക്ക് പ്രകാരം 23320 രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എൻട്രികൾ (സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല) പ്രകാരം 6000 രൂപ മാത്രമാണ്.

4).സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്താത്തതിനാലും വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും B-14 പ്രകാരമുള്ള Stock In Hand കൃത്യത പരിശോധിക്കാനായിട്ടില്ല.

5).B-5 ഷെഡ്യൂൾ പ്രകാരം 19,31,696 രൂപ ലോൺ ബാധ്യതയുണ്ട്. പൂർണ്ണ വിവരം ചേർത്ത് ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6).തൊഴിൽ നികുതി (ട്രേഡേഴ്സ്) - വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാർഷിക കണക്ക് | 5,00,000 | 368410 | 97240 | |
| ഡിമാന്റ് രജിസ്റ്റർ | 431250 | 431250 | 0 | കളക്ഷനിൽ 5 വർഷത്തേയ്ക്ക് ലൈസൻസ് നേടിയ സ്ഥാപനങ്ങൾക്ക് 5 വർഷ തൊഴിൽ നികുതി ഈടാക്കിയതും ഉൾപ്പെടുന്നു. അരിയർ (ഡിമാന്റ്, കളക്ഷൻ,ബാലൻസ് ) വിവരവും തൻവർഷത്തേയ്ക്ക് അഡ്വാൻസ് ലഭിച്ച വിവരവും സംഗ്രഹത്തിൽ ചേർത്തിട്ടില്ല. |

7).ബിൽഡിംഗ് പെർമിറ്റ് ഫീ, റെഗുലറൈസേഷൻ ഫീ, ബർത്ത്&ഡെത്ത്, വിവാഹ രജിസ്ട്രേഷൻ എന്നീ വരവിനങ്ങൾക്ക് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8).ഡി&ഒ.ലൈസൻസ് ഫീ- വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാർഷിക കണക്ക് | 3,00,000 | 236250 | 38450 | |
| ഡിമാന്റ് രജിസ്റ്റർ | 286700 | 286700 | 0 | അരിയർ (ഡിമാന്റ്, കളക്ഷൻ,ബാലൻസ് ) വിവരവും തൻവർഷത്തേയ്ക്ക് അഡ്വാൻസ് ലഭിച്ച വിവരവും സംഗ്രഹത്തിൽ ചേർത്തിട്ടില്ല. |

9).മെഷീൻ റണ്ണിംഗ് ഫീ വരവ് വാർഷിക കണക്ക് പ്രകാരം 63175 രൂപയും രജിസ്റ്റർ പ്രകാരം 65650 രൂപയുമാണ്.

10).31.03.2020തിയ്യതിയിൽ ട്രാൻസാക്ഷൻസ് ക്ലോസ് ചെയ്തയുടനെ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തിയ സഞ്ചയ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ വസ്തുനികുതിയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരം വാർഷിക കണക്കുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

11).ഷോപ്പിംഗ് കോംപ്ലക്സ് വാടക -വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാർഷിക കണക്ക് | 200000 | 152303 | 47697 | |
| ഡിമാന്റ് രജിസ്റ്റർ | 222520 | 222520 | 0 | അരിയർ ഡിമാന്റ്, കളക്ഷൻ,ബാലൻസ് വിവരവും തൻവർഷത്തേയ്ക്ക് അഡ്വാൻസ് ലഭിച്ച വിവരവും സംഗ്രഹത്തിൽ ചേർത്തിട്ടില്ല. |

12).MGNREGS- ആകെ റവന്യൂ ചെലവ് (അഡ്മിൻ:1179709+EFMSറവന്യൂ:9943784) 11123493 രൂപയാണ്. എന്നാൽ വാർഷിക കണക്ക് (I-6) പ്രകാരം ആയത് 16357126 രൂപയാണ്.

13).MGNREGS- വാർഷിക കണക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ക്ലോസിംഗ് ബാലൻസ് 0 ആണ്.

എന്നാൽ കാഷ് ബുക്ക് പ്രകാരം 382440 രൂപ ക്ലോസിംഗ് ബാലൻസുണ്ട്.

14).SBI Own Fund Account- റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്/ ബാങ്ക് ബുക്ക് പ്രകാരം ക്ലോസിംഗ് ബാലൻസ് 1192349 രൂപയാണ്. എന്നാൽ വാർഷിക കണക്ക് [RP-40(b)] പ്രകാരം ആയത് 1574329 രൂപയുമാണ്.

15).SBI Online Account- ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലോസിംഗ് ബാലൻസ് 1705723.06 രൂപയാണ്. (റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല).എന്നാൽ വാർഷിക കണക്ക് [RP-40(b)] പ്രകാരം ആയത് 1524607 രൂപയുമാണ്.

16).ആസ്തികളുടെ പൂർണ്ണ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

17).ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽകുലേഷൻ ഷീറ്റ് ലഭ്യമാക്കാത്തതിനാൽ B-11 പ്രകാരമുള്ള ഡിപ്രീസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

18). 2018-19 വാർഷിക കണക്ക് അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

1.വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (SCP) എന്നിവയിലെ ചെലവ് വാർഷിക കണക്ക്/എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

| | വാർഷിക കണക്ക്/ എ.സി.ആർ. | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 16658558 | 17966806 |
| വികസന ഫണ്ട്(SCP) | 3286512 | 3315924 |

## 1-12 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല

ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. 2019-20 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2019-20 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി പേരിന് മാത്രം യോഗം ചേരുന്നതായി കണ്ടു. ക്വാറം തികയാതെയും, തീരുമാനങ്ങൾ രേഖപ്പെടുത്താതെയും ,ക്ലോസ്സ് ചെയ്യാതെയും അപൂർണ്ണമായ രീതിയിലാണ് മിനുട്സ് ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. അംഗങ്ങളുടെ എണ്ണം പോലും വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി നടത്തികൊണ്ട് പോകുന്നതിനുള്ള ചുമതല അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. ഓരോ പദ്ധതികളും നിർവഹണം നടത്തിയതിനു ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വിശദാംശങ്ങൾ ചുവടെ.

| വർക്കിംഗ് ഗ്രൂപ്പ് | കൂടിയ തിയതി | പങ്കെടുത്ത അംഗങ്ങൾ | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ വികസനം | 24.10.18 | 6 | 23 | ക്ലോസ്സ് ചെയ്തിട്ടില്ല |
| ദാരിദ്ര്യ ലഘൂകരണം | 24.10.18 | 7 | 6 | ക്ലോസ്സ് ചെയ്തിട്ടില്ല |
| | 15.12.18 | 2 | 0 | ക്ലോസ്സ് ചെയ്തിട്ടില്ല |
| ശുചിത്വം,കുടിവെള്ളം | 24.10.18 | 6 | 15 | ക്ലോസ്സ് ചെയ്തിട്ടില്ല |
| വിദ്യാഭ്യാസം | 24.10.18 | 5 | 23 | ക്ലോസ്സ് ചെയ്തിട്ടില്ല |
| | 15.12.18 | 4 | 1 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പൊതുമരാമത്ത് | 24.10.18 | 7 | 14 | ക്ലോസ്സ് ചെയ്തിട്ടില്ല |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 24.10.18 | 5 | 0 | ക്ലോസ്സ് ചെയ്തിട്ടില്ല |
| | 15.12.18 | 2 | 0 | |
| ആരോഗ്യം | 24.10.18 | 4 | 22 | ക്ലോസ്സ് ചെയ്തിട്ടില്ല |
| | 15.12.18 | 4 | 1 | ക്ലോസ്സ് ചെയ്തിട്ടില്ല |

| | | | | |
|---|---|---|---|---|
| പ്രാദേശിക സാമ്പത്തിക വികസനം | 24.10.18 | 3 | 8 | ക്ലോസ്സ് ചെയ്തിട്ടില്ല |
| സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 24.10.18 | 6 | 6 | |
| | 15.12.18 | 7 | 7 | |
| സാമൂഹ്യ ക്ഷേമം | 24.10.18 | 6 | 27 | ക്ലോസ്സ് ചെയ്തിട്ടില്ല |
| | 15.12.18 | 8 | 14 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പൊതുഭരണവും ധനകാര്യവും | 24.10.18 | 5 | 10 | ക്ലോസ്സ് ചെയ്തിട്ടില്ല |
| കൃഷിയും അനുബന്ധമേഖലയും | 24.10.18 | 6 | 8 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം | 24.10.18 | 6 | 9 | ക്ലോസ്സ് ചെയ്തിട്ടില്ല |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18 / 30.3.22 ) മറുപടി ലഭ്യമാക്കിയില്ല. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ ഭരണ സമിതി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-13 GST കുറവ് ചെയ്തില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "പോഷകാഹാര വിതരണം"(16/2019-20) എന്ന പദ്ധതി പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും 2 ശതമാനം ജി.എസ്.ടി ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തിയ്യതി | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | ബിൽ തുക | GST ഒഴികെയുള്ള തുക |
|---|---|---|---|---|
| ബിൽ നമ്പർ. 4/2019-20/ തി. 21.8.2019 | സമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കച്ചേരിപ്പടി | 20/9.4.2019 | 167943 | 158865 |
| ചെക്ക് നമ്പർ. 2225052/ തി. 1.11.2019 | സമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കച്ചേരിപ്പടി | 36/6.8.2019 | 150493 | 142310 |
| | | 41/17.9.2019 | 150493 | 142310 |
| ചെക്ക് നമ്പർ. 2225077/ തി. 17.1.2020 | സമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കച്ചേരിപ്പടി | 47/10.10.2019 | 195286 | 184730 |
| ചെക്ക് നമ്പർ. 782444/ തി. 15.1.2020 | സമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കച്ചേരിപ്പടി | 52/11.11.2019 | 204197 | 193095 |
| | സമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കച്ചേരിപ്പടി | 56/11.12.2019 | 216968 | 205240 |
| ബിൽ നം. 13/2019-20,തി. 18.2.2020(59681), ചെക്ക് നം. 1602005, 7.3.2020(157287) | സമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കച്ചേരിപ്പടി | 62/10.1.2020 | 216968 | 205240 |
| ബിൽ നം. 2/2019-20,തി. 22.7.2019 | സമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കച്ചേരിപ്പടി | 25/3.5.2019 | 167943 | 158865 |
| | | 27/13.6.2019 | 156621 | 148155 |
| | | 31/10.7.2019 | 167943 | 158865 |
| | | | | |

അപാകതയ്ക്ക് ചൂണ്ടിക്കാമിച്ച് ICDS സൂപ്പർ വൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/31.3.2022)നൽകിയ

മറുപടിയിൽ TDS ചെയ്യണമെന്ന് അറിയില്ലായിരുന്നു എന്നാണ് അറിയിച്ചത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പ്രസ്തുത സ്ഥാപനം GST അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | റാബിയ ഗ്രൂപ്പ് മാറ്റ്റസ് | 2019-20 രണ്ടാം |
| 2. | ലാസിന പോളിമേഴ്സ് | 2019-20 രണ്ടാം |
| 3. | അക്ബർ ട്രേഡേഴ്സ് | 2019-20 രണ്ടാം |
| 4. | സി.ഡി.എസ്. ഓഫീസ് | 2019-20 രണ്ടാം |
| 5. | വള്ളുവനാട് മാർക്കറ്റിങ് കമ്പനി | 2019-20 രണ്ടാം |
| 6. | ഹാപ്പി കിഡ് അപ്പാരൽ | 2019-20 രണ്ടാം |
| 7. | വനിതാ സഹകരണ സംഘം | 2019-20 രണ്ടാം |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/31.3.2022) മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

തൊഴിൽ നികുതി റിട്ടേൺ/രജിസ്റ്റർ പ്രകാരം അക്ബർ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിലെ നാല് ജീവനക്കാരിൽ നിന്ന് 120 രൂപ വീതം ആകെ 480 രൂപ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് (രസീതി നം119030-101538, 26.6.2019). നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഓരോ ജീവനക്കാരുടെയും വരുമാനം 10,000 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഒരു മാസത്തെ വരുമാനമാണോ അതോ അർദ്ധവാർഷിക വരുമാനമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. റിട്ടേണിലെ വിവരങ്ങൾ അപൂർണ്ണമാണ്.

2. ആയത് അർദ്ധവാർഷിക വരുമാനമാണെങ്കിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതില്ല. എന്നാൽ അവരിൽ നിന്നും 120 രൂപ വീതം നികുതി ഈടാക്കിയിട്ടുണ്ട്.

3. ആയത് ഒരു മാസത്തെ വരുമാനമാണെങ്കിൽ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവുണ്ട്. ആയത് ഈടാക്കേണ്ടതാണ്.

| ക്രമ നം. | പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1. | ലക്ഷിറാം ഹെംറാം | 60,000 | 600 | 120 | 480 |
| 2. | പരിമൾ ഹൻസ്ദ | 60,000 | 600 | 120 | 480 |
| 3. | ബപ്പ സരൺ | 60,000 | 600 | 120 | 480 |
| 4. | അശോക് ബാഷ്കെ | 60,000 | 600 | 120 | 480 |
| | ആകെ | | | | 1920 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/31.3.2022) മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതികുറവുണ്ടെങ്കിൽ ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 നികുതി നിർണ്ണയത്തിലെ അപാകത

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കുറവ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി

നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ച.മീ |
| വാണിജ്യാവശ്യത്തിനുള്ള 200 ച.സെ.മി. വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിങ് മാളുകൾ | 30 രൂപ/ച.മീ |
| വാണിജ്യാവശ്യത്തിനുള്ള 200 ച.സെ.മി. മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിങ് മാളുകൾ | 70 രൂപ/ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിച്ച 100 ച.മീറ്ററിൽ /200 ച.സെ.മി. മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ സൂചിപ്പിക്കുന്ന വാണിജ്യ കെട്ടിടം വിവിധ മുറികളായി തിരിച്ചതിനാൽ, ഓരോ മുറിയുടെയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി കുറവ് തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി കുറഞ്ഞ വസ്തുനികുതി നിർണ്ണയിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 8/2-1 542A മുതൽ 542 N വരെ | സൈതാലി, പറയൻ കുഴിയിൽ , കട്ടങ്ങപുരം | 1072.49 | 30 | 70 |

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/31.3.2022) മറുപടി നൽകിയിട്ടില്ല. നികുതി പുനർ നിർണ്ണയിച്ച് കുറവുള്ളത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കരുവൻ കുഴി കുളം പുനരുദ്ധാരണം – അളവ് പുസ്തകപ്രകാരമുള്ള ഇനം ചെയ്തില്ല – കരാറുകാരന് അധികം നൽകിയത് 13279 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO231/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ -16/10.7.19 – 89915

മൂല്യനിർണ്ണയം - 89915

കരാർ 61/AE/LSGD/KUR/18-19 തി.29.9.2018

അളവ് പുസ്തകം 63/18-19

കരാറുകാരൻ-അഫ്താബ് യോഗ്യൻ

TS No-47999/18-19

Est.No-2018/28013

TS-100000

Coi – 37.25% (2016 DSR)

2019-20 വർഷത്തിൽ നിർവഹിച്ച കരുവൻ കുഴി കുളം പുനരുദ്ധാരണം എന്ന പ്രവൃത്തി 31.3.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. അളവ് പുസ്തകം ഇനം 4 പ്രകാരമുള്ള പ്രവൃത്തി മേൽ പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്ക് താഴെ പറയും പ്രകാരം അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| DSR Code 13.33.2<br>(Pointing On Stone Work With Cement Mortar 1:3) | 31.65 M2 X 419.57/m2 | 13279.39 |

പ്രവൃത്തിയിൽ അധികം നൽകിയ തുക 13279 രൂപ

പ്രവൃത്തിയിലെ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 28 / 31.3.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം 13279 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 കെ.കെ.അങ്ങാടി അംഗൻവാടി നവീകരണം- – അളവ് പുസ്തക പ്രകാരമുള്ള ഇനം ചെയ്തില്ല-കരാറുകാരന് അധികം നൽകിയത് 12213 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO251/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ -16/10.7.19 – 227964

മൂല്യനിർണ്ണയം - 227964

കരാർ 102/AE/LSGD/KUR/18-19 തി.14.11.2018

അളവ് പുസ്തകം 104/18-19

കരാറുകാരൻ- മുഹമ്മദ് അമീൻ.K

TS No-72675/18-19

Est.No-2018/70799

TS-250000

Coi – 37.25% (2016 DSR)

2019-20 വർഷത്തിൽ നിർവഹിച്ച കെ.കെ.അങ്ങാടി അംഗൻവാടി നവീകരണം എന്ന പ്രവൃത്തി 31.3.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. അളവ് പുസ്തകം ഇനം 6,7 പ്രകാരമുള്ള പ്രവൃത്തികൾ അളവ് പുസ്തകപ്രകാരമുള്ള അളവിൽ മേൽ പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്ക് താഴെ പറയും പ്രകാരം അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ഇനം | അളവ് പുസ്തക പ്രകാരമുള്ള അളവ് | അനുവദിച്ച തുക | ചെയ്ത അളവ് / നിരക്ക് | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| DSR Code 11.20.1<br>(Cheqerred Precast Cement Concrete Tile 22 Mm Thick)<br>ഇനം 6 | 15.37 M2 | 19128.12<br>(15.37 M2x1244.51/m2) | 12.89 M2 | 16041.73<br>(12.89 M2x1244.51/m2) | 3086 |
| Od158520/18-19<br>Providing And Laying 60 Mm Thick Factory Made CC<br>ഇനം 7 | 47.84 M2<br>48.90 M2-1.06 M2 (Deductions) =47.84 M2 | 39424.94<br>(47.84 M2x824.10/m2) | 40.29 M2<br>48.90 M2 - 8.61 M2 (Deductions) =40.29 M2 | 33202.98<br>(40.29 M2x824.10/m2) | 6222 |
| Total | | | | | 9308 |

പ്രവൃത്തിയിൽ സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അളവ് പുസ്തകപ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്..

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| 50.10.1 (Approved OD)<br>Steel Work In Built Up Section GI Tube<br>(ഇനം 12) | 113.80 Kg X 137.46/kg | 15642.95 |

പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു. ഇതിന് അനുവദിക്കാവുന്നത് 50.10.2 (Approved OD) പ്രകാരമുള്ള നിരക്കാണ്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

113.80 Kg X 111.93/kg = 12737.63

പ്രവൃത്തിയിൽ അധികം നൽകിയ തുക 2905 (15642.95 - 12737.63) രൂപ

പ്രവൃത്തിയിൽ ആകെ അധികം നൽകിയ തുക 12213 രൂപ

പ്രവൃത്തിയിലെ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 30 / 31.3.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം 12303 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 കുടുംബശ്രീ വനിതാ കാന്റീൻ ആധുനികവൽക്കരണം – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ചു-കരാറുകാരന് അധികം നൽകിയത് 12235 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO253/20

ഫണ്ട് - പ്ലാൻ ഫണ്ട്

ബിൽ -32/18.9.19 – 419958

മൂല്യനിർണ്ണയം - 419958

കരാർ 86/AE/LSGD/KUR/18-19 തി.26.10.2018

അളവ് പുസ്തകം 88/18-19

കരാറുകാരൻ-അലി.MP

TS No-83124/18-19

Est.No-2018/70774

TS-495000

Coi – 37.25% (2016 DSR)

കുടുംബശ്രീ വനിതാ കാന്റീൻ ആധുനികവൽകരണം എന്ന പ്രവൃത്തി 31.3.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ GI പൈപ്പ് ഉപയോഗിച്ച് മേൽക്കൂര വിരിച്ചതിന് അളവ് പുസ്തകപ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്..

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| 50.10.1 (Approved OD)<br>Steel Work In Built Up Section GI Tube<br>(ഇനം 5) | 479.25 Kg X 137.46/kg | 65877.71 |

പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതിന് അനുവദിക്കാവുന്നത് 50.10.2 (Approved OD) പ്രകാരമുള്ള നിരക്കാണ്. ഇതു പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

479.25 Kg X 111.93/kg = 53642.45

പ്രവൃത്തിയിൽ അധികം നൽകിയ തുക 12235 (65877.71 - 53642.45) രൂപ

പ്രവൃത്തിയിലെ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT

ENQUIRY No. 29 / 31.3.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം 12235 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി-നഷ്ടം 2885 രൂപ

ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി റാന്റം റബിൾ മേസനറി (DAR Code 7.1.1) പ്രവൃത്തി ചെയ്തതിന് 5197.64/m3 (കോസ്റ്റ് ഇൻഡക്സ് 31.06%) & 5443.13/$m^3$ (കോസ്റ്റ് ഇൻഡക്സ് 37.25%) നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക (DAR Code 7.1.1) | നല്കാവുന്ന തുക | അധികം |
|---|---|---|---|---|
| കരുവൻകുഴി കുളം റിപ്പയർ (SO231/20)<br>ബിൽ -16/10.7.19 - 89915<br>മൂല്യനിർണ്ണയം - 89915<br>കരാർ 61/AE/LSGD/KUR/18-19 തി.29.9.2018<br>അളവ് പുസ്തകം 63/18-19<br>കരാറുകാരൻ-അഫ്ത്താബ് യോഗ്യൻ<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>TS No-47999/18-19<br>Est.No-2018/28013<br>TS-100000<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR) | 9.64 $M^3$ | 52471.77<br>@5443.13/$m^3$ | 51255.20<br>@ 5316.93/$m^3$ | 1217 |
| പാങ്ങ് GUPS സ്കൂൾ ടോയലറ്റ് നിർമ്മാണം (SO263/20)<br>ചെക്ക് -2225041/22.8.19 – 455501<br>2225042/22.8.19 – 4601<br>മൂല്യനിർണ്ണയം - 460102<br>കരാർ 131/AE/LSGD/KUR/18-19 തി.16.2.2019<br>അളവ് പുസ്തകം 134/19-20<br>കരാറുകാരൻ-മുഹമ്മദ് അമീൻ.K<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>TS No-83081/18-19<br>Est.No-2018/117427<br>TS-600000<br>ഫണ്ട് - സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഫണ്ട്. | 6.818 $M^3$ | 32001.03<br>@4693.61/$m^3$<br>(5443.13/m3-13.770% Tender Below) | 31259.03<br>@ 4584.78/$m^3$<br>(5316.93/m3-13.770% Tender Below) | 742 |

| | | | | |
|---|---|---|---|---|
| പരവക്കൽ ലക്ഷംവീട് അംഗൻവാടി പുനരുദ്ധാരണം (SO148/20)<br>ബിൽ 73/13.3.20 തുക 244812<br>മൂല്യനിർണ്ണയം - 244812<br>കരാർ 82/AE/LSGD/KUR/19-20 തി.5.12.19<br>അളവ് പുസ്തകം -82/19-20<br>കോൺട്രാക്ടർ ശ്രീ.മുഹമ്മദ് മുസ്തഫ.M<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No-79231/19-20<br>Est.No-2019/87900<br>TS-250000<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR) | $6.86m^3$ | 35655.81<br>@$5197.64/m^3$ | 34829.38<br>@$5077.17/m^3$ | 926<br>(826.43+12GST) |
| ആകെ | | | | 2885 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 4 /30.3.22 ) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 2885രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 9267 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | ചന്ദനപ്പറമ്പ് അംഗൻവാടി പുനരുദ്ധാരണം (SO252/20)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR) | 3.12.18 | 31.3.19 വരെ | 26.9.19 | 4400<br>1.4.19 മുതൽ 30.6.19 വരെ<br>1500<br>1.7.19 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം - 35/21.10.19- 148970<br>മൂല്യ നിർണ്ണയം -148970<br>PAC-150000<br>അളവ് പുസ്തകം - 105/18-19<br>കരാറുകാരൻ - അഫ്ത്താബ് യോഗ്യൻ<br>കരാർ- AE/LSGD /KUR/103/18-19<br>Dtd.03.12.18 | | | | മുതൽ 26.9.19 വരെ<br>2900 |
| 2 | തോണിക്കല്ല് മങ്ങാടത്ത് കുളമ്പ് റോഡ് പുനരുദ്ധാണം (SO 254/20)<br>ഫണ്ട് - CFC- 2,00,000+MG(R)- 1,50,000<br>ബിൽ നം - 30/10.7.19- 150000 (CFC)<br>29/10.7.19- 101370 (MG(R))<br>മൂല്യ നിർണ്ണയം - 251370<br>PAC-350000<br>അളവ് പുസ്തകം - 21/18-19<br>കരാറുകാരൻ - സൈഫുള്ള<br>കരാർ- AE/LSGD /KUR/19/18-19<br>Dtd.16.8.18 | 16.8.18 | 15.2.19 വരെ (6 മാസം) | 25.3.19 | 1478<br>16.2.19 മുതൽ 25.3.19 വരെ<br>1478 |
| 3 | അനക്കോരം സൂപ്പിക്കുന്ന് റോഡ് പ്രവൃത്തി (SO 260/20)<br>ഫണ്ട് -MG(R)- 2,50,000<br>ബിൽ നം - 34/16.9.19- | 7.12.18 | 31.3.19 വരെ | 17.7.19 | 3389<br>1.4.19 മുതൽ 30.6.19 വരെ<br>2500<br>1.7.19 |

| | | | | | |
|---|---|---|---|---|---|
| | 244982<br>PAC-250000<br>അളവ് പുസ്തകം - 111/18-19<br>കരാറുകാരൻ - സൈഫുള്ള<br>കരാർ- AE/LSGD /KUR/108/18-19<br>Dtd.7.12.18 | | | | മുതൽ<br>17.7.19<br>വരെ<br>889 |
| | ആകെ | | | | 9267 |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 3 / 30.3.22) മറുപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 2 /30.3.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-23 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. തൻവർഷത്തിൽ 2,49,354 രൂപ കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 6/30.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് തുടർ വർഷങ്ങളിൽ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ വച്ചിട്ടില്ല.

GO(RT)3049/2016/LSGD തി.8.11.2016 ഉത്തരവ് പ്രകാരം കരാറുകാർ ടാർ വാങ്ങി പ്രവൃത്തി നടപ്പാക്കുകയാണെങ്കിൽ പ്രവൃത്തിക്ക് വേണ്ടി ബിറ്റുമിൻ വാങ്ങിയതിന്റെ ബിറ്റുമിൻ ബിൽ / ഇൻവോയ്സ് നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളിൽ നിർവ്വഹിച്ച താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടില്ല.

| പ്രോജക്ട നം. | പ്രവൃത്തി | മൂല്യ നിർണ്ണയം |
|---|---|---|

| | | |
|---|---|---|
| SO233/20 | പരവക്കൽ ചോലക്കൽ മുക്ക് റോഡ് റീടാറിംഗ് | 1,65,640 |
| SO240/20 | കരുവാൻ പടി-കൈപ്പാങ്ങാതിരുത്ത് റോഡ് റീടാറിംഗ് | 205800 |
| SO227/20 | കരിയംതടം ജാറം - താനാഴികുളമ്പ് റോഡ് റീടാറിംഗ് | 3,00,000 |
| SO259/20 | പൂക്കൈത റോഡ് പുനരുദ്ധാരണം | 1,99,388 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 / 30.3.22 ) മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിൻ ബിൽ / ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 പാങ്ങ് GUPS സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം - ബില്ലിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല

പ്രോജക്റ്റ് - SO263/20

ചെക്ക് -2225041/22.8.19 – 455501

2225042/22.8.19 – 4601

മൂല്യനിർണ്ണയം - 460102

കരാർ 131/AE/LSGD/KUR/18-19 തി.16.2.2019

അളവ് പുസ്തകം 134/19-20

കരാറുകാരൻ-മുഹമ്മദ് അമീൻ.K

കോസ്റ്റ് ഇൻഡക്സ് 37.25%

TS No-83081/18-19

Est.No-2018/117427

TS-600000

ഫണ്ട് - സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഫണ്ട്.

പ്രവൃത്തി 460102 രൂപ മൂല്യനിർണ്ണയത്തിലാണ് പൂർത്തിയായിട്ടുള്ളത്.

കേന്ദ്ര സർക്കാറിന്റെ 13.9.18 ലെ നോട്ടിഫിക്കേഷൻ നമ്പർ 50/2018- Cental Tax പ്രകാരം 1.10.2018 മുതൽ ഒരു കരാർ പ്രകാരം കരാറുകാരന്/സപ്ലയർക്ക് അനുവദിക്കുന്ന തുക 2.5 ലക്ഷം രൂപയിൽ അധികരിക്കുന്നുവെങ്കിൽ ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ കരാറുകാരന് അനുവദിച്ച തകയിൽ നിന്നും TDS ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 9 / 30.3.22 ) മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തിയുടെ GST തുക മുഴുവനായും അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-26 ഭ്രാന്തൻ കാവ് എസ്.സി കോളനി ഭവന സുരക്ഷ – പ്രവൃത്തി സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം-ചെലവ് തുക തടസ്സം ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO226/20

ഫണ്ട് - പ്ലാൻ (SCP)

ബിൽ -01/15.5.19 – 198770

മൂല്യനിർണ്ണയം - 198770

കരാർ 132/AE/LSGD/KUR/18-19 തി.16.2.2019

അളവ് പുസ്തകം 135/19-20

കരാറുകാരൻ-മൊയ്തു.K

TS No-109698/18-19

Est.No-2019/133

TS-200000

2019-20 വർഷത്തിൽ എസ്.സി കോളനി ഭവന സുരക്ഷ എന്ന പേരിൽ പഞ്ചായത്തിൽ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് ആകെ ₹ 198770 ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിവിധ വ്യക്തികളുടെ ഭൂമിക്ക് ചുറ്റുമതിൽ/സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുകയാണ് ഇതിൽ ചെയ്തിട്ടുള്ളത്. പൊതു ആസ്തികളുടെ സംരക്ഷണത്തിനല്ലാതെ സ്വകാര്യ വ്യക്തികളുടെ ആസ്തി സംരക്ഷണമാണ് ഈ പ്രൊജക്റ്റിലൂടെ നിർവഹിച്ചത്.

ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ( GO(MS) 11/2018/ LSGD Dt 29.01.2018 ) പ്രകാരം, പട്ടികജാതി ഉപപദ്ധതിയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്റ്റുകളും പട്ടികജാതിക്കാരുടെ പൊതു സൗകര്യ വികസനത്തിനുള്ള പ്രൊജക്റ്റുകളും ഏറ്റെടുക്കാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങളും, നൽകാവുന്ന പരമാവധി തുകയും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(MS) 22/2018/LSGD Dt 14.02.2018 ). സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കപ്പെട്ട ഇനങ്ങൾക്ക് അനുവദിക്കപ്പെട്ട നിരക്കിന് വിധേയമായി മാത്രമെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാവൂ എന്നത് സർക്കാർ വ്യക്തമാക്കിയതാണ്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് ധനസഹായം നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതി നേടേണ്ടതാണ് എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ സ്വകാര്യഭൂമിക്ക് ചുറ്റുമതിൽ/സംരക്ഷണ ഭിത്തി കെട്ടി നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളിലോ സർക്കാർ അനുമതി നൽകിയിട്ടില്ല.

സർക്കാർ അനുമതിയില്ലാതെ സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് ചുറ്റുമതിൽ/സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുന്നതിനുള്ള പ്രൊജക്റ്റ് ഏറ്റെടുത്ത് പദ്ധതിപ്പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 / 30.3.22) മറുപടി ലഭ്യമായില്ല. വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-27 വിദ്യാഭ്യാസ മേഖലയിൽ പ്രോജക്റ്റുകൾ നടപ്പാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ 12 എണ്ണം ഉണ്ട്. എന്നാൽ വിദ്യാഭ്യാസ മേഖലക്ക് വേണ്ടി 2019-20 വർഷത്തിൽ പഞ്ചായത്തിൽ കാര്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയില്ല. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. പ്രൈമറി സ്കൂളുകളിൽ വായനമൂല ശാക്തീകരണം എന്ന പേരിൽ 12സ്കൂളുകൾക്ക് പത്രവിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

പ്രോജക്റ്റ് - SO043/20

ചെലവ് - 1,49,158

ചെക്ക് - 2225070/31.12.19

| | |
|---|---|
| മാധ്യമം ദിനപത്രം | 82120 |
| മാതൃഭൂമി ദിനപത്രം | 28500 |
| മനോരമ ദിനപത്രം | 38538 |
| ആകെ | 1,49,158 |

വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് ബോധ്യപ്പെട്ടു.

1. 2019-20 വർഷത്തെ വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിന് 24.10.18 ന് കൂടിയ യോഗത്തിൽ ആകെ 5 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട് 23 നിർദേശങ്ങൾ വന്നിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ മേഖലയിൽ ഒരു പദ്ധതി മാത്രമാണ് നടപ്പാക്കിയത്.

2. പദ്ധതികൾ വിലയിരുത്തുന്നതിനും , നിർദ്ദേശങ്ങൾ, ന്യൂനതകൾ, കൂട്ടിച്ചേർക്കൽ എന്നിവ നടത്തുന്നതിന് വേണ്ടി

15.12.18 ൽ നടത്തിയ യോഗത്തിൽ ആകെ 3 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ഈ 3 പേരും വ്യത്യസ്ത സ്കൂളുകളിലെ അധ്യാപകരാണ്.

3. 2019-20 വർഷത്തെ വാർഷിക പദ്ധതികൾ അവലോകനം ചെയ്യുന്നതിന് 15.1.20 ൽ കൂടിയ യോഗത്തിൽ ആകെ 2 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.

4. 2020-21 ലെ വാർഷിക പദ്ധതി രൂപീകരണത്തിന് 15.2.20 ൽ കൂടിയ യോഗത്തിൽ ആകെ 10 പേർ പങ്കെടുത്തു. വിവിധ സ്കൂളുകളിലെ അധ്യാപകരാണ് യോഗത്തിൽ പങ്കെടുത്ത 10 പേരും.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 2 / 30.3.22) മറുപടി ലഭ്യമാക്കിയില്ല. വിദ്യാഭ്യാസ മേഖലക്ക് വേണ്ടി ആവശ്യമായ പ്രോജക്ടുകൾ ഉണ്ടാക്കാനുള്ള നടപടികൾ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## 1-28 ഭിന്ന ശേഷിക്കാർക്ക് കലാകായിക മത്സരം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ICDS സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ "ഭിന്ന ശേഷിക്കാർക്ക് കലാകായിക മത്സരം" എന്ന പദ്ധതി (20/2019-20) പ്രകാരം കലാകായിക മത്സരം നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തനതു ഫണ്ടിൽ നിന്നും 47028 രൂപ ചെക്ക് നം-129583/ 30.3.2020 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ചെലവുകളുടെ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

2. വിവിധ ബില്ലുകൾ പ്രകാരമുള്ള ചെലവുകളുടെ തുക അതാത് വ്യക്തികൾക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതിന് പകരം തുക മുഴുവൻ ഒരു വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. അതാത് വ്യക്തികൾക്ക് തുക പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്.

3. ആകെ ചെലവു തുകയായ 47028 രൂപയിൽ 44128 രൂപയുടെ രസീതി മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 2900 രൂപയുടെ രസീതി കൂടി ലഭ്യമാക്കാനുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് ICDS സൂപ്പർ വൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/31.3.2022) മറുപടി നൽകിയിട്ടില്ല. രസീതി (2900) ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 പഞ്ചായത്ത് ക്യാബിൻ ചെയ്യൽ പ്രവൃത്തി -അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 10,81,584 രൂപ തടസ്സം ചെയ്യുന്നു

പ്രൊജക്ട് – പഞ്ചായത്ത് ക്യാബിൻ ചെയ്യൽ
നമ്പർ – S0278/2020
അടങ്കൽ – 11,63,980 ( തനത് ഫണ്ട്)

വൗച്ചർ നം. 21900233/19-07-2019 : 10,81,584

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് നിർവ്വഹണത്തിനായി KADCO Ltd, കോഴിക്കോടിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ലഭ്യമാക്കിയ സാധനങ്ങൾക്കും സേവനങ്ങൾക്കുമായി 10,81,584 രൂപ നൽകിയിട്ടുണ്ട് :

1. ഇൻവോയ്സ് നം. NRO/sales/756/16-03-2019 : 4,83,021 (Wooden Partition &Panelling Work)

2. ഇൻവോയ്സ് നം. NRO/sales/794/19-03-2019 : 1,17,600 (Painting Work)

3. ഇൻവോയ്സ് നം. NRO/sales/796/19-03-2019 : 1,51,603 (Plaster Of Paris Ceiling Work)

4. ഇൻവോയ്സ് നം. NRO/sales/799/19-03-2019 : 3,48,860 (Power Distribution & Wiring)

പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു –

1. മേൽ പ്രവൃത്തികൾ പരിശോധിച്ച് അസി.എഞ്ചിനീയർ, LSGDനൽകിയ റിപ്പോർട്ട് പ്രകാരം ക്രമ നമ്പർ 1,3 ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയ അതേ അളവിൽ പ്രവൃത്തികൾ ചെയ്തിട്ടില്ല. ആയത് പ്രകാരം-

(എ) ക്രമനമ്പർ 1 ഇൻവോയ്സിൽ രേഖപ്പെടുത്തിയ ആകെ തുകയിൽ നിന്നും, ചെയ്തിട്ടില്ലാത്ത പാർട്ടീഷൻ വർക്കിന്റെ 19,500 രൂപ കുറവ് ചെയ്താണ് KADCO Ltdന് നൽകിയിട്ടുള്ളത്. എന്നാൽ ആയതിന്റെ 18% GST തുകയായ 3,510 രൂപ ആകെ നൽകിയ തുകയിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

(ബി) ക്രമനമ്പർ 3 ഇൻവോയ്സിൽ രേഖപ്പെടുത്തിയ 1692 സ്ക്വ.ഫീ. ന് പകരം 1339.62 സ്ക്വ.ഫീ. മാത്രമാണ് പ്രവൃത്തി

ചെയ്തിട്ടുള്ളത് എന്ന് അസി.എഞ്ചിനീയർ, LSGD റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും KADCO Ltdന് നൽകിയിട്ടുണ്ട്. അധികം നൽകിയ തുക KADCO യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2. KADCO Ltdന് നൽകിയ തുകയിൽ നിന്നും IT കുറവ് ചെയ്തിട്ടില്ല.

3. ടെണ്ടർ നടപടികൾ കൂടാതെ മേൽ പ്രവൃത്തി KADCO Ltdയെ ഏൽപ്പിക്കുന്നതിനുള്ള സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 10,81,584 രൂപ തടസ്സം ചെയ്യുന്നു.
11/30.03.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 ഓഫീസ് നവീകരണം രണ്ടാം ഘട്ടവും റെക്കോർഡ് റൂം,മീറ്റിംഗ് ഹാൾ എന്നിവ സജ്ജീകരിക്കലും പദ്ധതി -അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 19,99,117 രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്റ്റ് – ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഓഫീസ് നവീകരണം രണ്ടാം ഘട്ടവും റെക്കോർഡ് റൂം , മീറ്റിംഗ് ഹാൾ എന്നിവ സജ്ജീകരിക്കലും
നമ്പർ – S0287/2020
അടങ്കൽ – 19,99,980 ( തനത് ഫണ്ട്)

വൗച്ചർ നം. 21900390/24-09-2019 : 9,05,308

വൗച്ചർ നം. 21900522/14-11-2019 : 4,93,830

വൗച്ചർ നം. 21900533/19-11-2019 : 3,37,480

വൗച്ചർ നം. 21900534/19-11-2019 : 2,62,499

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് നിർവ്വഹണത്തിനായി SIDCO Ltd, മഞ്ചേരിയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ലഭ്യമാക്കിയ സാധനങ്ങൾക്കും സേവനങ്ങൾക്കുമായി 19,99,117 രൂപ നൽകിയിട്ടുണ്ട് :

1. ഇൻവോയ്സ് നം. MJRI/18-19/0263/15-01-2019 : 2,62,499 (Partition Work)

2. ഇൻവോയ്സ് നം. MJRI/18-19/0389/16-03-2019 : 4,93,830 (Rubwood Tables)

3. ഇൻവോയ്സ് നം. MJRI/18-19/0390/16-03-2019 : 3,37,480 (Record Room Rack, Hardwood Door)

4.ഇൻവോയ്സ് നം. MJRI/18-19/0392/16-03-2019 : 4,95,908 (Table, Curtain Work,chairs)

5. ഇൻവോയ്സ് നം. MJRI/18-19/0264/15-01-2019 : 4,09,400 (Gypsum Ceiling, Painting, Door, Podium)

മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്-

1. മേൽ പ്രവൃത്തികൾ പരിശോധിച്ച് അസി.എഞ്ചിനീയർ, LSGDനൽകിയ വാല്യേഷൻ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. SIDCO Ltdന് നൽകിയ തുകയിൽ നിന്നും 1% വീതം IT കുറവ് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 19,99,117 രൂപ തടസ്സം ചെയ്യുന്നു.

## 1-31 സ്വകാര്യ വാഹനം വാടകക്ക് എടുത്തത്- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം. 21900045/20-04-2019 : 39,531

വൗച്ചർ നം. 21900160/15-06-2019 : 47,565

വൗച്ചർ നം. 21900170/25-06-2019 : 2,661

വൗച്ചർ നം. 21900228/19-07-2019 : 52,400

വൗച്ചർ നം. 21900292/20-08-2019 : 54,136

വൗച്ചർ നം. 21900386/19-09-2019 : 39,520

വൗച്ചർ നം. 21900438/10-10-2019 : 21,060
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന്റെ വാഹനം ഉപയോഗിക്കാനാവാത്ത മാസങ്ങളിൽ സ്വകാര്യ വാഹനം വാടകക്ക് എടുത്ത് മേൽ വൗച്ചറുകൾ പ്രകാരം ആകെ 2,56,873 രൂപ KL-53-D-4249 -ാം നമ്പർ വാഹനത്തിന്റെ ഉടമയായ ശ്രീ. ലത്തീഫ് പി ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്-

1. വാടകക്കായി മേൽ വാഹനം തെരഞ്ഞെടുത്തതിന് സ്വീകരിച്ച നടപടിക്രമങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. വാഹന ഉടമയുമായുണ്ടാക്കിയ കരാർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 1,00,000രൂപയിൽ അധികമാണ് എങ്കിൽ 1% ആദായ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും വാഹന ഉടമക്ക് നൽയിരിക്കുകയാണ്. ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 2,56,873 രൂപ തടസ്സം ചെയ്യുന്നു. 13/30.03.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 കുടിവെള്ളം വിതരണം -അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 10,35,256 രൂപ തടസ്സം ചെയ്യുന്നു.

വൗച്ചർ നം. 2190018/28-05-2019 : 4,17,525

വൗച്ചർ നം. 21900159/14-06-2019 : 6,17,731
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ജല ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച 24-04-2019ലെ എ1/2918/2019-ാം നമ്പർ ക്വട്ടേഷൻ നോട്ടീസിന് ലഭിച്ചവയിൽ ശ്രീ. മൊയ്തു കുണ്ടനിയിൽ, വറ്റല്ലൂർ എന്ന വ്യക്തിയുടെ കിലോമീറ്ററിന് 130 രൂപ നിരക്കിലുള്ള ടെണ്ടർ ഗ്രാമപഞ്ചായത്ത് 04-05-2019ലെ 17-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

1. GPS സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 ക്രമ നമ്പർ 9പ്രകാരം ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ ശുദ്ധജല വിതരണ ബില്ലുകൾ അനുവദിച്ച് നൽകാൻ പാടില്ല. എന്നാൽ അപ്രകാരമുള്ള ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. വിതരണത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗയോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ 11-05-2019 മുതൽ 08-06-2019 വരെ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതിൽ അപ്രകാരമുള്ള പരിശോധനകളൊന്നും നടത്തിയിട്ടില്ല.

4. കരാറുകാരൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ സഞ്ചരിച്ച കിലോമീറ്ററിന് 130 രൂപ നിരക്കിൽ തുക തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകളുടെ കൃത്യത എങ്ങനെ ഉറപ്പുവരുത്തി എന്ന് ലഭ്യമാക്കിയ രേഖകളിൽ ഇല്ല. കുടിവെള്ളം ശേഖരിക്കുന്ന സ്രോതസിലും, വിതരണം അവസാനിച്ച പോയന്റിലും വാഹനത്തിന്റെ മീറ്റർ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 10,35,256 രൂപ തടസ്സം ചെയ്യുന്നു.
16/30.03.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ 2019-20 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ടവർ/കെട്ടിട നമ്പർ | വിലാസം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|

| | | |
|---|---|---|
| 4/378A1 | MR നാരായണൻ, എസ്സാർ ടെലികോം | 30776 |
| 22/47-C | ഇൻഡസ് ടവേഴ്സ് ലി. | 12600 |

വസ്തു നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/31.3.2022) മറുപടി നൽകിയിട്ടില്ല. വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 9,99,690 രൂപ തടസ്സം ചെയ്യുന്നു

പ്രൊജക്ട് : കേടായ തെരുവ് വിളക്കുകൾക്ക് പകരം പുതിയ എൽ.ഇ.ഡി. വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ

നം : S0277/2020

അടങ്കൽ - 10,00,000 (തനത് ഫണ്ട്)

വൗച്ചർ നം. 21900239/20-07-2019 : 9,99,690
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം 705 എണ്ണം 24W LEDവിളക്കുകൾ സ്ഥാപിച്ചതിന്റെ വിലയായി 9,99,690 രൂപ ഗ്രീൻ ലീഫ് ടെക്നോളജി, കൊട്ടപ്പുറം, പാലക്കാടിന് നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രീൻ ലീഫ് ടെക്നോളജി എന്ന സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും 1% IT, 2% GST TDS എന്നിവ കുറവ് ചെയ്തിട്ടില്ല.

2. പ്രവൃത്തി നടത്തുന്നതിന് KSEBയിൽ നിന്നും അനുവാദം ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 3. അസി.എഞ്ചിനീയർ ഇലക്ട്രിക് സെക്ഷൻ, മക്കരപ്പറമ്പ് നൽകിയ കത്തിൽ 170 എണ്ണവും, അസി.എഞ്ചിനീയർ ഇലക്ട്രിക് സെക്ഷൻ, ചട്ടിപ്പറമ്പ നൽകിയ കത്തിൽ 140 എണ്ണവും പുതിയ LED വിളക്കുകൾ മാറ്റി സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ, അസി.എഞ്ചിനീയർ ഇലക്ട്രിക് സെക്ഷൻ, പുഴക്കാട്ടിരി നൽകിയ കത്തിൽ സംയുക്ത പരിശോധനയിൽ 403 എണ്ണം സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിൽ, പുതുതായി സ്ഥാപിച്ച LED വിളക്കുകൾ എത്ര എന്ന് വ്യക്തമല്ല. 4. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. 5. പ്രവൃത്തി ചെയ്ത കോൺട്രാക്ടറുടെ ലൈസൻസ് പരിശോധനക്ക് ലഭ്യമായിട്ടില്ല. 6. കരാറുകാരനിൽ നിന്ന് 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 7. തെരുവ് വിളക്ക് പരാതി റജിസ്റ്റർ, അൺസർവ്വീസബ്ൾ ഐറ്റംസ് റജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 9,99,690 രൂപ തടസ്സം ചെയ്യുന്നു.
17/30.03.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 ഫെസ്റ്റിവൽ അഡ്വാൻസ് മുഴുവൻ തുകയും തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

2019-20 വർഷത്തിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 21900321/01-09-2019-ാം നമ്പർ വൗച്ചർ പ്രകാരം 1,22,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ മുഴുവൻ തുകയും തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | നൽകിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ. അരവിന്ദൻ പി, അസി.സെക്രട്ടറി | 15,000 | 12,000 | 3,000 |

15/30.03.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

## 1-36-1 രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 7,32,128 രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21900883/ 09-03-2020 | ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി (S0286/2020) ക്കായി കെൽട്രോണിന് നൽകിയ തുക | 3,89,441 | ലഭ്യമായതിന്റേയും സ്റ്റോക്കിലെടുത്തതിന്റേയും വിവരം |
| 2 | 21900884/ 09-03-2020 | | 2,83,283 | |
| 3 | 21900885/ 09-03-2020 | | 59,404 | |
| | | ആകെ | 732128 | |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 7,32,128 രൂപ തടസ്സം ചെയ്യുന്നു.

## 1-36-2 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21900362/ 16-09-2019 | ജലനിധി സർക്കാർ വിഹിതം സെക്രട്ടറി, GPLAC (ഗ്രാമ പഞ്ചായത്ത് ലെവൽ ആക്ടിവിറ്റി കമ്മിറ്റി) ക്ക് നല്കിയത് | 7,89,660 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 21900363/ 16-09-2019 | ജലനിധി ഗ്രാമപഞ്ചായത്ത് വിഹിതം സെക്രട്ടറി, GPLAC (ഗ്രാമ പഞ്ചായത്ത് ലെവൽ ആക്ടിവിറ്റി കമ്മിറ്റി) ക്ക് നല്കിയത് | 1,57,932 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 947592 | |

രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുക 9,47,592 രൂപ തടസ്സം ചെയ്യുന്നു.

## 1-36-3 രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 7,59,800 രൂപ തടസ്സം ചെയ്യുന്നു.

| ക്രമ | വൗച്ചർ/ബിൽ | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട |
|---|---|---|---|---|

| നം. | നമ്പർ/ തീയതി | | | രേഖകൾ |
|---|---|---|---|---|
| 1 | 21900210/ 03-07-2019 | ഇലക്ട്രിക് പോസ്റ്റ് മാറ്റി വക്കുന്നതിന് KSEB ഇലക്ട്രിക്കൽ സെക്ഷൻ, പുഴക്കാട്ടിരിയിൽ അടവാക്കിയ തുക | 9,800 | കെ.എസ്.ഇ.ബിയിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 04/22-07-2019 | സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ (S0281/2020) KSEB കുളത്തൂർ, പുഴക്കാട്ടിരി, മക്കരപ്പറമ്പ് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് 2,50,000 രൂപ വീതം നൽകിയത് | 7,50,000 (ധനകാര്യ കമ്മീഷൻ അവാർഡ്) | കെ.എസ്.ഇ.ബിയിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 759800 | |

രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 7,59,800 രൂപ തടസ്സം ചെയ്യുന്നു.

## 1-36-4 രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 2,10,000രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21900468/ 23-10-2019 | സ്പോർട്സ് ഗ്രൗണ്ട് നവീകരണത്തിന് പൈക്കയിൽ നിന്ന് ലഭിച്ച തുക കരാറുകാരന് അനുവദിച്ചത് | 2,10,000 | പൂർത്തീകരണ സാക്ഷ്യപത്രം |

രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 2,10,000രൂപ തടസ്സം ചെയ്യുന്നു.
19/30.03.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-37 കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ - ഗുണഭോക്താക്കളുടെ കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ ചെലവ് തുക30,000 രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്ട് : കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ - പട്ടിക ജാതിക്കാർക്ക്

നം : S0029/2020

അടങ്കൽ - 1,05,960 (എസ്.സി.പി )
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് സബ്സിഡി നൽകുന്നതിനായുള്ള മേൽ പ്രോജക്ട് പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കണക്ഷന് 8 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം ആകെ 80,000 രൂപ പിൻവലിച്ചിട്ടുണ്ട്. 14.02.2018ലെ ജി.ഒ.(എം.എസ്)22/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക6.6.2ൽവ്യക്തമാക്കിയത് പ്രകാരം കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കേ സബ്സിഡി തുക നൽകാവൂ. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് 3 ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ധനസഹായം നൽകിയിട്ടുള്ളത്.
ബിൽ നം.21/18-01-2020: 10,000

ബിൽ നം.22/18-01-2020: 10,000

ബിൽ നം.27/23-02-2020: 10,000

1. ശ്രീ. ജിനോഷ് പി. പുള്ളിയിൽ

2. ശ്രീ. വേലായുധൻ അയനിക്കോട്ടിൽ

3. ശ്രീമതി കോത, പുത്രോട്ടിൽ

മേൽ ഗുണഭോക്താക്കളുടെ കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ ചെലവ് തുക 30,000 രൂപ തടസ്സം ചെയ്യുന്നു. 14/30.03.2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരുവൻ കുഴി കുളം പുനരുദ്ധാരണം – അളവ് പുസ്തകപ്രകാരമുള്ള ഇനം ചെയ്തില്ല – കരാറുകാരന് അധികം നൽകിയത് 13279 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - SO231/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ -16/10.7.19 – 89915

മൂല്യനിർണ്ണയം - 89915

കരാർ 61/AE/LSGD/KUR/18-19 തി.29.9.2018 (എസ്റ്റിമേറ്റ് നിരക്ക്)

അളവ് പുസ്തകം 63/18-19

കരാറുകാരൻ-അഫ്താബ് യോഗ്യൻ

TS No-47999/18-19

Est.No-2018/28013

TS-100000

Coi – 37.25% (2016 DSR)

2019-20 വർഷത്തിൽ നിർവഹിച്ച കരുവൻ കുഴി കുളം പുനരുദ്ധാരണം എന്ന പ്രവൃത്തി 31.3.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. അളവ് പുസ്തകം ഇനം 4 പ്രകാരമുള്ള പ്രവൃത്തി (DR ന് മേൽ, സ്റ്റെപ്പ് സൈഡ് എന്നിവയിൽ പോയന്റിംഗ്) മേൽ പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്ക് താഴെ പറയും പ്രകാരം അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| DSR Code 13.33.2<br>(Pointing On Stone Work With Cement Mortar 1:3) | 31.65 M2 X 419.57/m2 | 13279.39 |

പ്രവൃത്തിയിൽ അധികം നൽകിയ തുക 13279 രൂപ

പ്രവൃത്തിയിലെ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 28 / 31.3.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം 13279 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും

ഈടാക്കേണ്ടതാണ്.

## 3-2 കെ.കെ.അങ്ങാടി അംഗൻവാടി നവീകരണം- – അളവ് പുസ്തകപ്രകാരമുള്ള ഇനം ചെയ്തില്ല- കരാറുകാരന് അധികം നൽകിയത് 12213 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO251/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ -16/10.7.19 – 227964

മൂല്യനിർണ്ണയം - 227964

കരാർ 102/AE/LSGD/KUR/18-19 തി.14.11.2018 (എസ്റ്റിമേറ്റ് നിരക്ക്)

അളവ് പുസ്തകം 104/18-19

കരാറുകാരൻ- മുഹമ്മദ് അമീൻ.K

TS No-72675/18-19

Est.No-2018/70799

TS-250000

Coi – 37.25% (2016 DSR)

2019-20 വർഷത്തിൽ നിർവഹിച്ച കെ.കെ.അങ്ങാടി അംഗൻവാടി നവീകരണം എന്ന പ്രവൃത്തി 31.3.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. അളവ് പുസ്തകം ഇനം 6,7 പ്രകാരമുള്ള പ്രവൃത്തികൾ അളവ് പുസ്തകപ്രകാരമുള്ള അളവിൽ മേൽ പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്ക് താഴെ പറയും പ്രകാരം അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ഇനം | അളവ് പുസ്തക പ്രകാരമുള്ള അളവ് | അനുവദിച്ച തുക | ചെയ്ത അളവ് / നിരക്ക് | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| DSR Code 11.20.1<br>(Cheqerred Precast Cement Concrete Tile 22 Mm Thick)<br>ഇനം 6 | 15.37 M2 | 19128.12<br>(15.37 M2x1244.51/m2) | 12.89 M2 | 16041.73<br>(12.89 M2x1244.51/m2) | 3086 |
| Od158520/18-19<br>Providing And Laying 60 Mm Thick Factory Made CC<br>ഇനം 7 | 47.84 M2<br>48.90 M2-1.06 M2 (Deductions) =47.84 M2 | 39424.94<br>(47.84 M2x824.10/m2) | 40.29 M2<br>48.90 M2 - 8.61 M2 (Deductions) =40.29 M2 | 33202.98<br>(40.29 M2x824.10/m2) | 6222 |
| Total | | | | | 9308 |

പ്രവൃത്തിയിൽ സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അളവ് പുസ്തകപ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| DSR Code 50.10.1<br>Steel Work In Built Up Section Gl Tube<br>(ഇനം 12) | 113.80 Kg X 137.46/kg | 15642.95 |

പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു. ഇതിന് അനുവദിക്കാവുന്നത് DSR Code 50.10.2 പ്രകാരമുള്ള നിരക്കാണ്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

113.80 Kg X 111.93/kg = 12737.63

പ്രവൃത്തിയിൽ അധികം നൽകിയ തുക  2905 (15642.95 - 12737.63) രൂപ

പ്രവൃത്തിയിൽ ആകെ അധികം നൽകിയ തുക  12213 രൂപ

പ്രവൃത്തിയിലെ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 30 / 31.3.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം 12303 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കുടുംബശ്രീ വനിതാ കാന്റീൻ ആധുനികവൽകരണം – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ചു-കരാറുകാരന് അധികം നൽകിയത് 12235 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ :  അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - SO253/20

ഫണ്ട് - പ്ലാൻ ഫണ്ട്

ബിൽ -32/18.9.19 – 419958

മൂല്യനിർണ്ണയം - 419958

കരാർ 86/AE/LSGD/KUR/18-19 തി.26.10.2018 (എസ്റ്റിമേറ്റ് നിരക്ക്)

അളവ് പുസ്തകം 88/18-19

കരാറുകാരൻ-അലി.MP

TS No-83124/18-19

Est.No-2018/70774

TS-495000

Coi – 37.25% (2016 DSR)

കുടുംബശ്രീ വനിതാ കാന്റീൻ ആധുനികവൽകരണം എന്ന പ്രവൃത്തി 31.3.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ GI പൈപ്പ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചതിന് അളവ് പുസ്തകപ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്..

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| 50.10.1 (Approved OD)<br>Steel Work In Built Up Section GI Tube<br>(ഇനം 5) | 479.25 Kg X 137.46/kg | 65877.71 |

പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതിന് അനുവദിക്കാവുന്നത് 50.10.2 (Approved OD) പ്രകാരമുള്ള നിരക്കാണ്. ഇതു പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

479.25 Kg X 111.93/kg = 53642.45

പ്രവൃത്തിയിൽ അധികം നൽകിയ തുക 12235 (65877.71 - 53642.45) രൂപ

പ്രവൃത്തിയിലെ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 29 / 31.3.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം 12235 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2019-20 | 22.03.2022 മുതൽ 23.03.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 340000 | 47, നെൽകൃഷിക്ക് കൂലിചെലവ് | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 17, പ്രത്യേക പരിഗണനയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 6425 | 39,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 6425 | 0 |
| ബ്ലോക്ക് പഞ്ചായത്ത് - ആകെ: | | | 846425 | |
| ജില്ലാ പഞ്ചായത്ത് | 896100 | 17, സ്കോളർഷിപ്പ്പ്രത്യേക പരിഗണനയുള്ള വിദ്യാർത്ഥികൾക്ക് | 896100 | 0 |
| ജില്ലാ പഞ്ചായത്ത് - ആകെ: | | | 896100 | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിര്വഹണ ഏജന്സി | പ്രവൃത്തിയുടെ പേര് | വൗച്ചര്/ബില്/ ചെക്ക് നം. | മുന്കൂര്നല്കിയ തുക | ചെലവഴിച്ച തുക | പൂര്ത്തീകരിച്ച വിവരം | ചെലവഴിക്കാന്ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 4/22.7.2019 | 750000 | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 750000 |
| KSEB | സ്ട്രീറ്റ്ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് | 21900210/3.7.2019 | 9800 | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 9800 |
| ജലനിധി | ജലനിധി ഗ്രാമ പഞ്ചായത്ത് വിഹിതം | 21900363/ 16.9.2019 | 157932 | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 157932 |
| ജലനിധി | ജലനിധി സർക്കാർ വിഹിതം | 21900362/ 16.9.2019 | 789660 | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 789660 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻ വർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | E.M.S ഭവനപദ്ധതി | G.O. (MS)207/2009/LSGD Dt.7/11/2009 | 2802500 | 558500 | 558500 | 0 | 0 |
| 2 | KURDFC | ലഭ്യമല്ല. | 1550652 | 748691 | 367647 | 0 | 1931696 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വര്ഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പര്/തിയ്യതി |
|---|---|---|---|---|
| 2017-18 | Para 3-1(2) | 4599 | AE,LSGD,Kuruva | 119030101951 / 18/07/2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-2000 | 36 | 2003-04 | | സോപ്പ് നിർമ്മാണ യൂണിറ്റ് | -- |
| -- | -- | 2013-14 | | കുടിവെള്ള പദ്ധതികൾ പ്രവർത്തനാവലോകനം | -- |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തികൾ- അവലോകനം | -- |
| 2016-17 | 2(2) | 2016-17 | | അനുബന്ധം | -- |
| 2017-18 | 3(3) | 2018-19 | | കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം പ്രവർത്തന ക്ഷമമായില്ല | -- |

## 4-9 ചാർജ്,സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക- ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് /സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 1996-97 | 3-5 | ഇ. വനജാക്ഷി | LF 18613/SPL.CELL /SC3/2000 7.1.2002 | 492 | | 492 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 2 | 99-200 | | രജനി.പി. കൃഷി | സർചാർജ് | 54048 | 0 | 54048 | തുടർനടപടി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ഓഫീസർ | സർട്ടിഫിക്കറ്റ് നം.LF-6614/ Special Cell /SC-5/2005 /31.5.2006 | | | | സ്വീകരി ച്ചിട്ടില്ല |
| 3 | 2006-07 | 2-1 | ടി.ദിലീപ് കുമാർ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 7811 | | 7811 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 4 | 2006-07 | 3-11 | ടി.ദിലീപ് കുമാർ, സെക്രട്ടറി | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 51930 | | 51930 | തുടർ നടപടി സ്വീകരി ച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 127435423 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 78898613 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 37727 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8250810 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13279 | ശ്രീ.ജോൺസൺ.PC, അസിസ്റ്റന്റ് എഞ്ചിനിയർ (6639.5) |
| | | | ശ്രീമതി.നീന.L, അസി.എക്സി.എഞ്ചിനിയർ (6639.5) |
| 3-2 | | 12213 | ശ്രീ.ജോൺസൺ.PC, അസിസ്റ്റന്റ് എഞ്ചിനിയർ (6106.5) |
| | | | ശ്രീമതി.നീന.L, അസി.എക്സി. എഞ്ചിനിയർ (6106.5) |
| 3-3 | | 12235 | ശ്രീ.ജോൺസൺ.PC, അസിസ്റ്റന്റ് എഞ്ചിനിയർ (6117.5) |
| | | | ശ്രീമതി.നീന.L, |

| | | | |
|---|---|---|---|
| | | | അസി.എക്സി. എഞ്ചിനിയർ (6117.5) |
| | ആകെ | 37727 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 198770 | ശ്രീ.ജോൺസൺ പി സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 10,81,584 | ശ്രീ. പി.അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 9,05,308 | ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി |
| 1-30 | 1093809 | ശ്രീ. പി.അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 2,56,873 | 91,931- ശ്രീ. പി.അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി<br>50,226- ശ്രീമതി.സുബൈദ ഭായി,സെക്രട്ടറി<br>1,14,716- ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി |
| 1-32 | 10,35,256 | ശ്രീമതി.സുബൈദ ഭായി,സെക്രട്ടറി |
| 1-34 | 9,99,690 | ശ്രീ. പി.അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36-1 | 7,32,128 | ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി |
| 1-36-2 | 947592 | ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി |
| 1-36-3 | 759800 | 9,800-ശ്രീമതി.സുബൈദ ഭായി,സെക്രട്ടറി<br>7,50,000-ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി |
| 1-36-4 | 2,10,000 | ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി |
| 1-37 | 30,000 | ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി |
| ആകെ | 8250810 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോൺസൺ.PC, അസിസ്റ്റന്റ് എഞ്ചിനിയർ | റിട്ടയേർഡ് | പോഴോളിപ്പറമ്പിൽ(H) പരപ്പനങ്ങാടി പി.ഒ, മലപ്പുറം - 676303 |
| ശ്രീമതി.നീന.L, അസി.എക്സി. എഞ്ചിനിയർ | അസി.എക്സി.എഞ്ചിനീയർ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | നിള (H) 13 A , അമ്പാടി നഗർ നിലമ്പൂർ (PO) |

| | | |
|---|---|---|
| | | മലപ്പുറം – 679325 |
| ശ്രീ.പി. അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി | അരീക്കോട് ഗ്രാമ പഞ്ചായത്ത് | വൽസല ഭവൻ, കൊറ്റംകുളങ്ങര, അവലൂകുന്ന പി.ഒ, ആലപ്പുഴ – 688 006 |
| ശ്രീമതി . ജയശ്രീ.ആർ, സെക്രട്ടറി | കീരംപാറ ഗ്രാമ പഞ്ചായത്ത് | കൊളത്തായിക്കോട്ടിൽ, തൃക്കരിയൂർ (പി.ഒ), എറണാകുളം – 686692 |
| ശ്രീമതി.സുബൈദ ഭായി, സെക്രട്ടറി | സെക്രട്ടറി (റിട്ട.) | സുഖാസ് അവലൂകുന്ന പി.ഒ, കൈച്ചൂണ്ടിമുക്ക് ജങ്ഷൻ, ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം 14/1383(1)/99 തിയ്യതി07.10.10 | 21 |
| 1997-98 | എൽ എഫ് എം 14/1382/99 തിയ്യതി 07.10.10 | 21 |
| 1998-99 | എൽ എഫ് എം 11/147/04 തിയ്യതി 07.10.10 | 13 |
| 1999-2000 | എൽ എഫ് എം 14/570/03 തിയ്യതി 07.10.10 | 14 |
| 2000-01 | എൽ എഫ് എം 11/571/03 തിയ്യതി 07.10.10 | 19 |
| 2001-02 | എൽ എഫ് എം 12/485/08 തിയ്യതി 07.10.10 | 25 |
| 2002-03 | എൽ എഫ് എം 12/2090/06 തിയ്യതി 07.10.10 | 13 |
| 2003-04 | എൽ എഫ് എം 12/2350/07 തിയ്യതി 07.10.10 | 13 |
| 2004-05 | എൽ എഫ് എം 12/1146/08 തിയ്യതി 07.10.10 | 16 |
| 2005-06 | എൽ എഫ് എം 12/2120/09 തിയ്യതി 07.10.10 | 15 |
| 2006-07 | എൽ എഫ് എം 12/2121/09 തിയ്യതി 07.10.10 | 22 |
| 2007-08 | എൽ എഫ് എം 11/1001/11 തിയ്യതി 8.8.2011 | 14 |
| 2008-09 | എൽ എഫ് എം 11/2042/10 തിയ്യതി 11.10.11 | 5 |
| 2009-10,10-11 | എൽ എഫ് എം 11/2189/13 തിയ്യതി 17.1.2012 | 17 |
| 2011-12,12-13 | കെ എസ് എ എം പി എം 11/224/15 തിയ്യതി 22.09.2015 | 20 |
| 2013-14,14-15 | കെ എസ് എ എം പി എം 11/1431/2016 തിയ്യതി 28.06.17 | 17 |

| | | |
|---|---|---|
| 2015-16 | കെ എസ് എ എം പി എം 11/2684/2016 തിയ്യതി 21.2.2018 | 13 |
| 2016-17 | കെ എസ് എ എം പി എം 11/1432/2017 തിയ്യതി 21.07.18 | 22 |
| 2017-18 | കെ എസ് എ എം പി എം 11/2425/2018 തിയ്യതി | 17 |
| 2018-19 | കെ എസ് എ എം പി എം 11/2293/2019 തിയ്യതി 10.08.2020 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്